# കേരളസർവകലാശാല

നം.പി.ആർ.234/2020

## പത്രക്കുറിപ്പ്

**ഒന്നാംവർഷ ബിരുദ പ്രവേശനം 6th (സ്പെഷ്യൽ സപ്ലിമെന്ററി) അലോട്ട്മെന്റ്, ഒന്നാംവർഷ ബിരുദാനന്തര ബിരുദ പ്രവേശനം മൂന്നാം അലോട്ട്മെന്റ് (1st സപ്ലിമെന്ററി) എന്നിവയിൽ പങ്കെടുക്കുന്നതിന് ഓപ്ഷനുകൾ സമർപ്പിക്കാം (നവംബർ 29 വരെ)**

കേരളസർവകലാശാല ഒന്നാംവർഷ ബിരുദ പ്രവേശനത്തിനായുള്ള സ്പെഷ്യൽ സപ്ലിമെന്ററി അലോട്ട്മെന്റ്, ഒന്നാംവർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായുള്ള മൂന്നാം അലോട്ട്മെന്റ് (1st സപ്ലിമെന്ററി) എന്നിവയിൽ പങ്കെടുക്കുന്നതിനായി എല്ലാ വിദ്യാർത്ഥികളും പുതിയതായി ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾ മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ ഒന്നും തന്നെ ഇനിയുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നേടിയവർക്കും ഇതുവരെയും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടയ്ക്കാതെയോ നിശ്ചിത സമയത്തിനുള്ളിൽ കോളേജിൽ അഡ്മിഷൻ എടുക്കാതെയോ അലോട്ട്മെന്റ് നഷ്ടമായവർക്കും കോളേജിൽ ചേർന്ന ശേഷം ടി.സി. വാങ്ങിയതിനാൽ അഡ്മിഷൻ നഷ്ടപ്പെട്ടവർക്കും കോളേജിൽ നിന്നും ഡിഫക്ട് മെമ്മോ ലഭിച്ചതിനാൽ അഡ്മിഷൻ ലഭിക്കാതെ പോയവർക്കും പുതിയ ഓപ്ഷനുകൾ സമർപ്പിച്ച് അടുത്ത അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. പുതിയതായി ഓപ്ഷൻ സമർപ്പിക്കാത്ത ആരെയും യാതൊരു കാരണവശാലും ഇനിയുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം "എഡിറ്റ് പ്രൊഫൈൽ" ടാബ് ഉപയോഗിച്ചാണ് ഓപ്ഷനുകൾ സമർപ്പിക്കേണ്ടത്. കോളേജുകളിലെ ഓരോ കോഴ്സുകളുടെയും ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള എല്ലാവർക്കും ഡീഫാൾട്ട് ആയി ലഭിക്കുന്ന പാസ് വേർഡ് നിർബന്ധമായും മാറ്റം വരുത്തേണ്ടതാണ്. ഇതിനായി പ്രൊഫൈലിലെ Password എന്ന ടാബ് ഉപയോഗപ്പെടുത്താം. ഇപ്രകാരം മാറ്റം വരുത്തുന്ന പാസ്‌വേർഡ് ഓർത്തു വയ്ക്കേണ്ടതും അത് വിദ്യാർത്ഥി മാത്രം കൈകാര്യം ചെയ്യേണ്ടതുമാണ്. പാസ്‌വേർഡ് മാറ്റം വരുത്താത്ത കാരണത്താൽ വിദ്യാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ പ്രൊഫൈൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ അപ്രകാരമുള്ള പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. **ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 29.**

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

26.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on

**9188526671, 9188526675 , 9188526670, 9188526674**